**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6540** **11-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിനു കീഴിൽ ആകെ എത്ര വിഭാഗങ്ങളിലായി എത്ര കിലോമീറ്റർ റോഡുകളാണ് 2016-ന് മുൻപ് ഉണ്ടായിരുന്നത്; ബി.എം.ബി.സി, ബി.എം.എ.സി. പോലെ ഉന്നതനിലവാരത്തിൽ നിർമ്മാണം നടത്തിയ റോഡുകൾ എത്ര കിലോമീറ്ററാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | **നിരത്തുകൾ**<br><br>പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ 2016 ന് മുമ്പ് ആകെ ഉണ്ടായിരുന്ന റോഡുകളുടെ നീളം 29,573.16 കി.മീ ആണ്. ഇവയിൽ 4128 കി.മീ സംസ്ഥാന പാതകളും 25,445.16 കി.മീ പ്രധാന ജില്ലാ പാതകളും ആണ്.<br><br>**ദേശീയപാത**<br><br>പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ 2016 നു മുമ്പ് 1781.36 കി.മീ ദേശീയപാതയാണ് ഉണ്ടായിരുന്നത് പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളെല്ലാം 2016 നു മുമ്പ് തന്നെ BM & BC നിലവാരത്തിലുള്ളവയാണ്.<br><br>**കെ.ആർ.എഫ്.ബി.**<br><br>കേരള റോഡ് ഫണ്ട് ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം നഗരത്തിലെ 42.069 കി.മി. റോഡുകൾ പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ വികസിപ്പിച്ച പദ്ധതിയാണ് തിരുവനന്തപുരം നഗര പാത വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന 42.069 കി.മി. റോഡ് ബി.എം. ബി.സി നിലവാരത്തിൽ നിർമ്മിച്ചിട്ടുള്ളവയാണ്.<br><br>**ആർ.ബി.ഡി.സി.കെ**<br><br>2016 ന് മുമ്പ് ആർ.ബി.ഡി.സി.കെ മുഖാന്തരം ബി.എം & ബി. സി നിലവാരത്തിൽ പ്രവൃത്തി പൂർത്തീകരിച്ച റോഡ് എറണാകുളം ജില്ലയിലെ എയർപോർട്ട് - സീപോർട്ട് റോഡ് (ഇരിമ്പനം - കളമശ്ശേരി - 11.300 Km). ഈ റോഡ് ആർ.ബി.ഡി.സി.കെ 2020 ജനുവരിയിൽ P.W.D റോഡ്സിന് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>കെ.എസ്.ടി.പി.</u>**<br><br>**1.കൊട്ടാരക്കര ഡിവിഷൻ**<br><br>2016ന് മുൻപ് കൊട്ടാരക്കര ഡിവിഷന് കീഴിലായിരുന്ന പല റോഡുകളും നിരത്ത് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. എം.സി റോഡിൻറെ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80.35 കി.മീറ്ററും, അടൂർ മുതൽ ചെങ്ങന്നൂർ വരെയുള്ള 23.6 കി.മീ. റോഡും കൊട്ടാരക്കര ഡിവിഷന്റെ അധീനതയിലായിരുന്നു. 192.575 കി.മീ. റോഡുകളാണ് ബി.എം &ബി.സി നിലവാരത്തിൽ 2017 ന് ശേഷം പണികൾ പൂർത്തിയാക്കിയിട്ടുള്ളത്.<br><br>**2.പൊൻകുന്നം ഡിവിഷൻ**<br><br>2016ന് മുൻപ് പൊൻകുന്നം ഡിവിഷന് കീഴിൽ 95.95 കി.മീ. റോഡുകളുണ്ടായിരുന്നതിൽ 95.95 കി.മീ. ബി.എം & ബി.സി നിലവാരത്തിൽ നിർമ്മാണം നടത്തിയിട്ടുള്ളതാണ്. കെ.എസ്.റ്റി.പി പൊൻകുന്നം ഡിവിഷന് കീഴിൽ 146.98 കി.മീ. റോഡ് ബി.എം & ബി.സി നിലവാരത്തിൽ ടാറിംഗ് നടത്തിയിട്ടുള്ളതാണ്.<br><br>**3.മൂവാറ്റുപുഴ ഡിവിഷൻ**<br><br>പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനു കീഴിലുള്ള എം.സി റോഡിൻറെ 97.66 കി.മീ. റോഡാണ് ഈ കാലയളവിൽ കെ.എസ്.റ്റി.പി നടപ്പിലാക്കിയത്. പ്രവൃത്തി പൂർത്തീകരണശേഷം ടി റോഡ് തിരികെ പൊതുമരാമത്ത് നിരത്ത് വകുപ്പിന് തിരികെ നൽകിയിട്ടുള്ളതാണ്.<br><br>**4.കണ്ണൂർ ഡിവിഷൻ**<br><br>കണ്ണൂർ ഡിവിഷന് കീഴിൽ 153.50 കി.മീ. ബി.എം., ബി.സി റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | 2016 മുതൽ നാളിതുവരെ പ്രസ്തുത റോഡുകളിൽ എത്ര കിലോമീറ്റർ പുതുതായി ബി.എം.ബി.സി. നിലവാരത്തിൽ ടാറിംഗ് നടത്തിയിട്ടുണ്ട്; അവയുടെ ജില്ല തിരിച്ചുള്ള പട്ടികയും ചെലവഴിച്ച തുകയും ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ച് വരുന്നു. |
| (സി) | മുൻപ് ബി.എം.ബി.സി. ചെയ്ത റോഡുകളുടെ ഉപരിതലം ബി.സി. ഓവർ ലേ ചെയ്യുന്നതിന് പ്രത്യേക പദ്ധതി ഈ സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര കിലോമീറ്റർ | (സി) | വിവരം ശേഖരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | റോഡ് ബി.സി. ഓവർ ലേ ചെയ്തിട്ടുണ്ടെന്നും മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ